**സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള Little KITEs ആദ്യത്തെ യോഗം ജൂൺ 5 ന് ഹെഡ്മിസ്ട്രസ് ന്റെ അധ്യക്ഷതയിൽ ചേർന്നു .2018-19 അധ്യയന വർഷത്തെ Little KITEs ന്റെ ചെയർമാനായി സ്കൂൾ പി ടി എ പ്രസിഡന്റ് ശ്രീ .കൃഷ്ണകുമാർ എൻ ഉം കൺവീനർ ആയി ഹെഡ്മിസ്ട്രസ്ശ്രീമതി എം.സി.അംബിക കുമാരി യും വൈസ് ചെയർമാനായി എം പി ടി എ പ്രസിഡന്റ് ശ്രീമതി സിന്ധുവും ജോയിന്റ് കൺവീനർമാരായി ശ്രീമതി ഷെറിനെയും , ശ്രീമതി സ്മിതയേയും തിരഞ്ഞെടുത്തു .കുട്ടികളുടെ പ്രതിനിധികളായി നിവേദ് സജി(Little KITEs leader),കെസ്സിയ സൂസൻ എബ്രഹാം(Deputy Leader) ,അരുൺ കുമാർ ഡി എ (School Leader,(താല്കാലികം ) ഗൗരിനന്ദന എസ് ,(താല്കാലികം )എന്നിവരെയും തിരഞ്ഞെടുത്തു.**



**ജൂൺ മാസം 26-)o തീയതി അഭിലാഷ് സാറിന്റെ നേതൃത്വത്തിൽ നടന്ന ട്രെയിനിങ്ങിൽ 22 വിദ്യാർത്ഥികൾ പങ്കെടുത്തു. രാവിലെത്തെ  സെക്ഷനിൽ ചർച്ചയും ഉച്ചയ്ക്ക് ശേഷമുണ്ടായിരുന്ന ക്ലാസും  കുട്ടികൾക്ക് ഏറെ രസകരവും വിജ്ഞാനപ്രദവും ആയിരുന്നു.**



**ജൂലൈ 6 ന് ആദ്യത്തെ മൊഡ്യൂളായ Little KITEs ന്റെ ആനിമേഷൻ വീഡിയോകൾ കാണുകയും ആനിമേഷന്റെ അടിസ്ഥാന ആശയങ്ങളെ കുറിച്ച് ധാരണ നേടുകയും ചെയ്തു. ആനിമേഷൻ വീഡിയോ നിർമിക്കുന്നതിനാവിശ്യമായ കഥ, കഥാപാത്ര രൂപീകരണം അതിന്റെ വിവിധ ഘട്ടങ്ങൾ എന്നിവയെകുറിച്ച് അറിവ് നേടുകയും ചെയ്തു . ട്രെയിനിങ്ങിൽ 25 വിദ്യാർത്ഥികളും പങ്കെടുത്തു .**

